# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 42

27.02.2018- ലെ മറുപടിക്ക്

## സഹകരണബാങ്കുകളുടെ പ്രവർത്തനം പരിഷ്കരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.കെ.ഹരീന്ദ്രൻ<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ സഹകരണബാങ്കുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനും ബാങ്കുകളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും ഉതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (എ) സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനെയും യോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും ഒരു ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനേയും ഒരു കോമൺ സോഫ്റ്റ് വെയറിലേക്ക് കൊണ്ടു വരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുകയാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ സർക്കാർ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>സഹകരണ സംഘങ്ങളുടെ / ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് സഹകരണ മേഖലകളിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പരിപാടി - നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 നടപ്പിലാക്കിയിട്ടുണ്ട്.<br>കാർഷിക വായ്പാ വിതരണത്തിനായി കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ റുപേ കിസാൻ കാർഡുകളാക്കി മാറ്റുന്നതിന്മേൽ |

നടപടി പുരോഗമിച്ചുവരുന്നു.

വായ്പാ സഹകരണ സംഘങ്ങൾ വായ്പ നൽകുന്നതിനായുള്ള വിഭവങ്ങൾ ശേഖരിക്കുന്നത് മുഖ്യമായും നിക്ഷേപം സ്വീകരിച്ചാണ്. വായ്പാ സഹകരണ സംഘങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തമാക്കുന്നതിനായി നിക്ഷേപസമാഹരണ യജ്ഞങ്ങൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്.

സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി മാതൃകാ സഹകരണ സംഘങ്ങൾ(മികച്ച സംഘങ്ങൾക്കുള്ള ധനസഹായം), സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം (നഷ്ടത്തിൽ പ്രവർത്തിക്കുന്ന പുരോഗതി കൈവരിക്കാൻ കഴിയുന്ന സംഘങ്ങൾക്കുള്ള ധനസഹായം), വികസനവും വൈവിധ്യവൽക്കരണവും (സഹകരണ സംഘങ്ങളുടെ നിലവിലെ പ്രവർത്തനം വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും) എന്നിങ്ങനെ സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾക്ക് പുരോഗതി കൈവരിക്കാൻ ഉതകുന്ന പദ്ധതികൾക്ക് ധനസഹായം നൽകിവരുന്നു.

സംസ്ഥാന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ടൂറിസം വികസനങ്ങളുടെ ഭാഗമായി വികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഗവൺമെന്റ് ഓഹരി 6.67 ലക്ഷം രൂപയും സബ്സിഡി 13.33 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപയുടെ ധനസഹായം സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ നിന്നും നൽകിവരുന്നു. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 1 ലക്ഷം രൂപ വരെ ഓഹരി ഈനത്തിൽ നൽകിവരുന്നു. 10 വർഷത്തെ പ്രവർത്തന പരിചയവും ബാങ്കിന്റെ അറ്റനഷ്ടം സ്വന്തം ഫണ്ടിനേക്കാൾ അധികരിക്കാത്തതുമായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ സഹായമായി ഓഹരി, വായ്പ, സബ്സിഡി എന്നിങ്ങനെ പരമാവധി 20 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു.

സംസ്ഥാനത്തെ ഗ്രാമീണ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ലായ സഹകരണ

ബാങ്കുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനും ബാങ്കുകളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും സംസ്ഥാന പദ്ധതി പ്രകാരം എൻ.സി.ഡി.സി പദ്ധതി പ്രകാരവും വിവിധ സ്കീമുകളിലൂടെ ഏകീകൃത സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള ആധുനികവത്ക്കരണം, സർക്കാർ ഓഹരി മൂലധനം, കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി നിക്ഷേപ ഉറപ്പ്, നെൽകൃഷി വായ്പക്കുള്ള പ്രോത്സാഹനം, മാതൃകാ സഹകരണ സംഘങ്ങളുടെ നൂതന കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രായോഗിക വാണിജ്യ പദ്ധതികൾ ഏറ്റെടുപ്പിക്കുക, കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളിൽ ആധുനിക പരിഷ്ക്കാരങ്ങൾ സമയബന്ധിതമായി നടപ്പാക്കി അവയെ ന്യൂജനറേഷൻ ബാങ്കുകളുടെ നിലവാരത്തിൽ എത്തിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുമോ; വിശദമാക്കാമോ;

(ബി) സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, ആർ.റ്റി.ജി.എസ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) സേവനം മെച്ചപ്പെടത്തക്കവിധം സഹകരണബാങ്കുകളിലെയും സഹകരണ സ്ഥാപനങ്ങളിലെയും ക്രയവിക്രയങ്ങൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) കേരളത്തിലെ സഹകരണ സംവിധാനത്തിൽ കാർഷിക വായ്പകൾ കൂടുതലായാലും നേരിട്ട് കർഷകർക്ക് നൽകുന്നത് പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേനയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് മാന്വൽ പരിഷ്കരണം ഉൾപ്പെടെ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**